**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – പൊതു ആവശ്യ ഫണ്ട് - പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നതിന് പാലക്കാട് ബി.ഡി.ഒ യുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം.6875/2020/ധന തീയതി, തിരുവനന്തപുരം, 25 നവംബർ 2020

---

പരാമർശം. എൽ.എസ്.ജി.ഡി-ഇ.ആർ.ബി.1/47/2019-എൽ.എസ്.ജി.ഡി. അനൗദ്യോഗിക ഫയൽ

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ 2008-09 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ടി ഓഫീസിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറായിരുന്ന ശ്രീ പി.സത്യനാഥനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്കനടപടിയുടെ ഭാഗമായി 4,32,063/- രൂപ ടിയാന്റെ ഡി.സി.ആർ.ജി- യിൽ നിന്നും പിടിച്ചെടുത്ത് '3604-00-911-ROP' എന്ന ശീർഷകത്തിൽ ഒടുക്കിയിരുന്നു. ടി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത CP(Civil)(EKM) No.67/2019 നമ്പർ കേസിന്റെ 09.08.2019-ലെ ഉത്തരവിൽ കേസ് 19.08.2019-ന് പരിഗണിക്കുമെന്നും ഇതിനകം തുക ടിയാന് നൽകണമെന്നും ഇല്ലെങ്കിൽ ഒന്നാം എതിർകക്ഷിയായ ഗ്രാമവികസന കമ്മീഷണർ കാരണം ബോധിപ്പിക്കണമെന്നും ഉത്തരവായിരുന്നു. സാങ്കേതിക കാരണങ്ങളാൽ ടി തുക 3604 ശീർഷകത്തിൽ നിന്നും പിൻവലിക്കാൻ സാധിക്കാത്തതിനാൽ ടി തുക പാലക്കാട് ബി.ഡി.ഒ-യുടെ STSB (71402140000004) അക്കൗണ്ടിൽ നിന്നും പിൻവലിച്ച് 19.08.2019-തീയതിയിലെ SB/XY No.2118040 നമ്പർ cheque ആയി പി.സത്യനാഥന് നൽകുകയുണ്ടായെന്നും ടി തുക പ്രസ്തുത STSB അക്കൗണ്ടിലേക്ക് റീക്രൂപ്പ് ചെയ്യണമെന്ന ഗ്രാമ വികസന കമ്മീഷണറുടെ അപേക്ഷ പരാമർശം (1) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും (3604 ശീർഷകം) റീ-ഫണ്ടു വഴി നൽകേണ്ടിയിരുന്ന പണം ഒരു പ്രാദേശിക സർക്കാരിന്റെ

എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും നൽകിയ സാഹചര്യത്തിൽ ടി പിൻവലിച്ച തുകയായ 4,32,063/- രൂപ (നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) തിരികെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന് (B090700) '3604-00-200-88-(04)-NP' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം./ഇ.ആർ.ബി) വകുപ്പ് (LSGD-ERB1/47/2019-LSGD)
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1472660)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.